(ബി) ഏറ്റവും ഒടുവിൽ അന്വേഷണം നടന്നുകഴിഞ്ഞത് എന്നാണ്; എന്തിനെപ്പറ്റി;

(സി) അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമോ;

(ഡി) ഇപ്പോഴും വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തിനെപ്പറ്റി ?

ഉത്തരം

(എ) 1970-നു ശേഷം നാലു വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് അന്വേഷണം ഇപ്പോൾ നടന്നുവരുന്നു.

(ബി) 1973-ൽ അന്വേഷണം തുടങ്ങിയത് വിഴിഞ്ഞം യൂണിറ്റിൽ ക്ലാർക്കായിരുന്ന ശ്രീ. പി. പി. ആലിഹസ്സൻ എന്ന ആളുടെ പേരിലുള്ള കേസ്സായിരുന്നു.

(സി) റിപ്പോർട്ട് കോർപ്പറേഷനിൽ കിട്ടിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) 1978, 1979 വർഷങ്ങളിൽ യൂണിഫോറം തുണി വാങ്ങിയതിനെപ്പറ്റിയും 1979–80 വർഷത്തിലേയ്ക്ക് പെയിന്റ് വാങ്ങിയതിനെപ്പറ്റിയുമാണ് ഇപ്പോൾ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്.

ഇരിങ്ങാലക്കുടയിൽ ഗവൺമെന്റ് പ്രസ്സ് സ്ഥാപിക്കാൻ നടപടി

92 [131] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ഇപ്പോൾ എത്ര ഗവൺമെന്റ് പ്രസ്സുകൾ ഉണ്ട്:

(ബി) എല്ലാ ജില്ലകളിലും ഓരോ പ്രസ്സു സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തൃശ്ശൂർ ജില്ലയിലെ പ്രസ്സ് ഇരിങ്ങാലക്കുടയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ്.

(ബി) ഇല്ല.

(സി) ചോദ്യം (ബി) ക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പൊൻകുന്നത്തുനിന്നും മൂന്നാറിലേയ്ക്ക് കുമിളി വഴി ബസ്സുകൾ ഓടുവാൻ കൽപ്പന നൽകാൻ നടപടി

93 [132] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യ്ക്കു ഈ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ ബസ്സുകൾ വാങ്ങിക്കുവാൻ ഉദ്ദേശമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സബ്സ്റ്റേഷനുകൾ അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) കുമളിയിൽ സബ്സ്റ്റേഷൻ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പൊൻകുന്നത്തുനിന്നും മൂന്നാറിലേയ്ക്കു കുമളി വഴി കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടുവാൻ കൽപ്പന കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഉടനെ നൽകുമോ;

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. ഈ സാമ്പത്തിക വർഷത്തിൽ 487 പുതിയ ബസ്സുകൾ വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അവയിൽ 350 ബസ്സുകൾ പഴയവയ്ക്കു പകരവും 137 എണ്ണം പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനും ആകുന്നു.

(ബി) കാട്ടാക്കട, വൈക്കം, കാസർകോഡ്, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ബസ്സ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ കോർപ്പറേഷൻ ഉദ്ദേശമുണ്ട്.

(സി) കുമളിയിൽ ഒരു ബസ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നിർദ്ദേശം കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം പരിശോധിക്കാൻ കോർപ്പറേഷനോട് നിർദ്ദേശിക്കാം.

ഹൈറേഞ്ച് പ്രദേശത്തെ ബസ് സർവ്വീസ്

94 [133] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറേഞ്ചു പ്രദേശത്തെ തോട്ടങ്ങളിലെ റോഡുകളിൽ ബസ് സർവ്വീസ് നടത്തുന്നതിന് ഉടമകൾ അനുവദിച്ചിട്ടുണ്ടോ:

(ബി) മുണ്ടക്കയത്തുള്ള ടി. ആർ. ആൻഡ് ടി. കമ്പനി ഏലപ്പാറയിലുള്ള വാഗമൺ, കോടമല എസ്റ്റേറ്റ് ഉടമകൾ തോട്ടം റോഡുകളിൽ കൂടി ബസ് സർവ്വീസ് നടത്തുന്നതിനെക്കുറിച്ച് വകുപ്പുമന്ത്രിയും എസ്റ്റേറ്റ് ഉടമകളുമായി എന്തെങ്കിലും കോൺഫറൻസ് നടത്തിയിരുന്നുവോ;

(സി) നടത്തിയിരുന്നെങ്കിൽ അതിൽവച്ചുണ്ടായ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; അതു നടപ്പിലാക്കിയോ;

(ഡി) ഇല്ലെങ്കിൽ ഇനിയും എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) മുണ്ടക്കയത്ത് സർവ്വീസ് നടത്താൻ തടസ്സം ഉണ്ടായിടത്ത് ചില ഉപാധികൾക്ക് വിധേയമായി ടി. ആർ. ആൻഡ് ടി. എസ്റ്റേറ്റ് മാനേജുമെന്റ് ബസ് സർവ്വീസ് നടത്തുന്നതിന് സമ്മതിച്ചിട്ടുണ്ട്.

(ബി) ചില കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly